TIME: 12.30 PM | പ്രധാനവാർത്തകൾ | DATE: 05.02.2026

1. വിവിധ വിഷയങ്ങളെച്ചൊല്ലിയുള്ള പ്രതിപക്ഷ പ്രതിഷേധത്തിൽ പാർലമെന്റ് ഇന്നും പ്രക്ഷുബ്ധം. ലോക്സഭ രണ്ട് മണി വരെ നിർത്തിവച്ചു.
2. ശബരിമല സ്വർണ്ണ അപഹരണ കേസിൽ നിയമസഭയിൽ പ്രതിപക്ഷ ബഹളം. നടപടികൾ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിഞ്ഞു.
3. ശബരിമല കേസിൽ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയ്ക്ക് കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചു. തന്ത്രി കണ്ഠരര് രാജീവരുടെ റിമാൻഡ് കാലാവധി ഈ മാസം 19 വരെ നീട്ടി.
4. വികസിത ഭാരതത്തിനായി അടുത്ത 25 വർഷങ്ങൾ മുന്നിൽ കണ്ടുള്ളതാണ് കേന്ദ്ര ബഡ്ജറ്റെന്ന് കേന്ദ്ര സഹ മന്ത്രി ശോഭ കരന്തലജെ.
5. ലോകമെമ്പാടുമുള്ള പൈതൃക കലകളെ പ്രോത്സാഹിപ്പിക്കുന്ന അന്താരാഷ്ട്ര ഫോക്ലോർ ഫെസ്റ്റിവലിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും.
6. സന്തോഷ് ട്രോഫി ഫുട്ബോൾ ആദ്യ സെമിഫൈനലിൽ സർവീസസ്-റെയിൽവേയ്സുമായി ഏറ്റുമുട്ടുന്നു. രണ്ടാം സെമിയിൽ കേരളം പഞ്ചാബിനെ, നേരിടും.

RNU TVPM

## പാർലമെന്റ്

വിവിധ വിഷയങ്ങളെച്ചൊല്ലിയുള്ള പ്രതിപക്ഷ പ്രതിഷേധത്തിൽ പാർലമെന്റ് ഇന്നും പ്രക്ഷുബ്ധം. ലോക്സഭ ആരംഭിച്ചപ്പോൾ തന്നെ ബഹളം രൂക്ഷമായതോടെ സഭ 12 മണി വരെ നിർത്തിവച്ചു. വീണ്ടും സമ്മേളിച്ചപ്പോഴും സമാന രീതി തുടർന്നതോടെ സഭ 2 മണി വരെ നിർത്തിവച്ചു. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദി പ്രമേയ ചർച്ച രാജ്യസഭയിൽ പുരോഗമിക്കുകയാണ്.

******************************

## നിയമസഭ (ഇൻട്രോ)

നിയമസഭയിൽ ഇന്നും പ്രതിപക്ഷ ബഹളം. ശബരിമല സ്വർണ്ണ അപഹരണ കേസിൽ 90 ദിവസമായിട്ടും കുറ്റപത്രം സമർപ്പിക്കാത്തത് ഉൾപ്പെടെയുള്ള വിഷയങ്ങൾ ചൂണ്ടിക്കാട്ടി പ്രതിപക്ഷം ബാനറുകളും മുദ്രാ വാക്യവിളികളുമായി ഡയസിനു മുന്നിൽ പ്രതിഷേധിച്ചു. പ്രതിഷേധങ്ങൾക്കിടെ അതിവേഗത്തിൽ നടപടികൾ പൂർത്തിയാക്കി നിയമസഭ രാവിലെ തന്നെ പിരിഞ്ഞു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(വോയിസ്)

******************************

## മന്ത്രി ശിവൻകുട്ടി (ഇൻട്രോ)

ഭിന്നശേഷി അധ്യാപക സംവരണത്തിൽ, NSS നു നൽകിയിട്ടുള്ള സുപ്രീം കോടതി ഉത്തരവ്, സമാനമായ മറ്റു മാനേജ്മെന്റുകൾക്കും ബാധകമാക്കുകയാണ് സർക്കാർ

RNU TVPM

നയമെന്ന് മന്ത്രി വി ശിവൻകുട്ടി. ചട്ടം 300 അനുസരിച്ച് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനങ്ങൾ സംബന്ധിച്ച് നിയമസഭയിൽ പ്രസ്താവന നടത്തുകയായിരുന്നു അദ്ദേഹം. ഭിന്നശേഷി ഉദ്യോഗാർഥികളുടെ അവകാശം സംരക്ഷിക്കുന്നതിനോടൊപ്പം മറ്റ് അധ്യാപകരുടെ പ്രശ്നങ്ങളും എത്രയും വേഗം പരിഹരിക്കാനാണ് സർക്കാർ ശ്രമമെന്നും മന്ത്രി പറഞ്ഞു.

(വോയിസ്....)

*******************************

## പരീക്ഷാ പേ ചർച്ച

പരീക്ഷ സമ്മർദ്ദം ഉൾപ്പടെയുള്ള വിഷയങ്ങളിൽ പ്രധാനമന്ത്രി വിദ്യാർത്ഥികളുമായി നേരിട്ട് സംവദിക്കുന്ന പരീക്ഷ പേ ചർച്ച പരിപാടി നാളെ. പരിപാടി കാണാൻ പൗരന്മാരോട് പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു. രാജ്യത്തെ യുവജനങ്ങളുമായി സംവദിക്കുന്നത് ഉന്മേഷദായകമാണെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

RNU TVPM

*******************************

## ശബരിമല കേസ്

ശബരിമല സ്വർണക്കൊള്ള കേസിലെ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയ്ക്ക് ജാമ്യം. കൊല്ലം വിജിലൻസ് കോടതി കർശന ഉപാധികളോടെയാണ് ജാമ്യം അനുവദിച്ചത്. 2 കേസിലും ജാമ്യം ലഭിച്ചതോടെ പോറ്റി ജയിൽ മോചിതനാകും. അറസ്റ്റിലായി 90 ദിവസം കഴിഞ്ഞിട്ടും അന്വേഷണസംഘം കുറ്റപത്രം സമർപ്പിക്കാത്ത സാഹചര്യത്തിൽ സ്വാഭാവിക ജാമ്യമാണ് പോറ്റിക്ക് ലഭിച്ചത്. അതേസമയം, തന്ത്രി കണ്ഠരര് രാജീവരുടെ റിമാൻഡ് കാലാവധി ഈ മാസം 19 വരെ നീട്ടി.

തന്ത്രി പണം നിക്ഷേപിച്ച തിരുവല്ലയിലെ സ്വകാര്യ ധനകാര്യ സ്ഥാപനത്തിലും ഉടമയുടെ വീട്ടിലും ഇ.ഡി. ഉദ്യോഗസ്ഥർ പരിശോധന നടത്തുകയാണ്.

******************************

## എം മുരളി

മുൻ എം എൽ എ യും കോൺഗ്രസ് നേതാവുമായ എം. മുരളി അന്തരിച്ചു. 73 വയസായിരുന്നു. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. 20 വർഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ എം എൽ എ ആയിരുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചനം രേഖപ്പെടുത്തി. എം. മുരളിയുടെ ഭൗതിക ശരീരം കെപിസിസി ഓഫീസിൽ പൊതുദർശനത്തിന് വയ്ച്ചു. മുൻ മുഖ്യമന്ത്രി എ കെ ആന്റണി, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, എഐസിസി ജനറൽ സെക്രട്ടറി ദീപാ ദാസ് മുൻഷി ഉൾപ്പെടെയുള്ള നേതാക്കൾ അന്ത്യോപചാരം അർപ്പിച്ചു.

RNUTVPM

******************************

## ഫോക്‌ലോർ ഫെസ്റ്റിവെൽ

അന്താരാഷ്ട്ര ഫോക്ലോർ ഫെസ്റ്റിവലിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. ലോക പൈതൃക കലകൾ, ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നാടോടി കലാരൂപങ്ങൾ, കേരളത്തിന്റെ തനത് നാടൻ കലകൾ എന്നിവയെ ആഗോളതലത്തിൽ അവതരിപ്പിക്കുക എന്നതാണ് മേളയുടെ പ്രധാന ലക്ഷ്യം. വൈകുന്നേരം തൈക്കാട് പോലീസ് പരേഡ് ഗ്രൗണ്ടിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും. പി.കെ. കാളൻ പുരസ്കാര സമർപ്പണവും ഉദ്ഘാടന ചടങ്ങിന്റെ ഭാഗമായി നടക്കും.

******************************

**ശോഭ കരന്തലജെ**

വികസിത ഭാരതത്തിനായി അടുത്ത 25 വർഷങ്ങൾ മുന്നിൽ കണ്ടുള്ളതാണ് കേന്ദ്ര ബഡ്ജറ്റ് എന്ന് കേന്ദ്ര സഹ മന്ത്രി ശോഭ കരന്തലജെ. ജനങ്ങളുടെ വാങ്ങൽ ശേഷി വർധിപ്പിക്കുന്നതാണ് കേന്ദ്ര ബഡ്ജറ്റ് എന്നും മന്ത്രി തിരുവനന്തപുരത്തു പറഞ്ഞു.

******************************

**അക്ഷരം ആരോഗ്യം (ഇൻട്രോ)**

RNU TVPM

കേരളത്തിലെ യുവതലമുറയുടെ സമഗ്രമായ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന അക്ഷരം ആരോഗ്യം പരിപാടിയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ കോട്ടൺഹിൽ ഗവ. ഹയർസെക്കന്ററി സ്കൂളിൽ ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവഹിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്...**

(വോയിസ്)

******************************

**എസ് ഐ ആർ - കേരളം**

കേരളത്തിൽ എസ് ഐ ആറിന്റെ ഭാഗമായിയുള്ള ഹിയറിംഗിലൂടെ 19,021 പേർ വോട്ടർപ്പട്ടികയിൽ നിന്ന്

പുറത്തായതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു.കേൽക്കർ. ഇതിൽ, 2,510 പേർ എന്യൂമറേഷൻ കാലഘട്ടത്തിൽ മരണപ്പെട്ടവരും, 989 പേർ വിദേശ പൗരത്വം സ്വീകരിച്ചവരും, 15,522 പേർ താമസം മാറിയവരുമാണെന്ന് അദ്ദേഹം അറിയിച്ചു. ഈ മാസം 12-നകം സംസ്ഥാനത്തുടനീളം ഹിയറിംഗ് പ്രക്രിയ പൂർത്തിയാക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

******************************

## വാഗമൺ - വികസനം (ഇൻട്രോ)

വിനോദസഞ്ചാര ഭൂപടത്തിൽ ലോകശ്രദ്ധ നേടിയ വാഗമണ്ണിൽ അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോഴും പൂർണ്ണതോതിൽ സജ്ജീകരിച്ചിട്ടില്ല. പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും ബസ് സ്റ്റാൻഡ് പോലുമില്ലാത്തത് പ്രദേശവാസികളെയും സഞ്ചാരികളെയും ഒരുപോലെ ദുരിതത്തിലാക്കുകയാണ്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

RNU TVPM

******************************

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി ഫുട്ബോൾ സെമിഫൈനൽ ആദ്യ മത്സരത്തിൽ സർവീസസ് - റെയിൽവേയ്സുമായി ഏറ്റുമുട്ടുന്നു. ഉച്ചയ്ക്ക് 1.30 നടക്കുന്ന രണ്ടാം സെമിയിൽ കേരളം പഞ്ചാബിനെ, നേരിടും. അസമിലാണ് മത്സരങ്ങൾ നടക്കുന്നത്.

******************************

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഇന്ന് കലാശപ്പോരാട്ടം. വഡോദരയിൽ രാത്രി 7:30ന് ആരംഭിക്കുന്ന ഫൈനലിൽ ഡൽഹി ക്യാപിറ്റൽസ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും. ബെംഗളൂരുവിന് ഇത് രണ്ടാമത്തെ ഫൈനലാണ്. അതേസമയം കന്നിക്കിരീടം തേടിയാണ് ഡൽഹി ഇറങ്ങുന്നത്.

******************************

## സ്വദേശാഭിമാനി കേസരി പുരസ്കാരം

മാധ്യമ പ്രവർത്തനത്തിലെ സമഗ്ര സംഭാവനയ്ക്ക് സംസ്ഥാന സർക്കാർ നൽകുന്ന പരമോന്നത പുരസ്കാരമായ സ്വദേശാഭിമാനി കേസരി പുരസ്കാരവും സംസ്ഥാന മാധ്യമ അവാർഡുകളും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് സമ്മാനിക്കും. മുതിർന്ന മാധ്യമ പ്രവർത്തകനും ചരിത്രപുസ്തകങ്ങളുടെ രചയിതാവുമായ മലയിൻകീഴ് ഗോപാലകൃഷ്ണനാണ് 2024 ലെ സ്വദേശാഭിമാനി കേസരി പുരസ്കാരം. സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ നടക്കുന്ന ചടങ്ങിൽ 2021, 2022 വർഷങ്ങളിലെ സംസ്ഥാന ഫോട്ടോഗ്രഫി പുരസ്കാരങ്ങളും വിതരണം ചെയ്യും.

*

***********

************************************************

RNU TVPM